/69766/2022

"ഭരണഭാഷ-മാതൃഭാ
ഷ"

No.DWCD/5787/2022-ICDS A4

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 02-12-2022
E-Mail:directorate.wcd@kerala.gov.in
Phone No.0471–2346534

വനിത ശിശു വികസന ഡയറക്ടർ
തിരുവനന്തപുരം

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും,
എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും

സർ,

വിഷയം:- വനിത ശിശുവികസന വകുപ്പ്- സക്ഷം അങ്കണവാടി -പോഷൻ 2.0- പദ്ധതി ആനുകൂല്യങ്ങൾക്ക് പൊതുജനങ്ങളിൽ നിന്നും പണം ആവശ്യപ്പെടുന്ന NGO യ്ക്കെതിരെ നടപടി സ്വീകരിക്കണമെന്ന കേന്ദ്ര നിർദേശം പാലിക്കുന്നതു സംബന്ധിച്ച്:-

സൂചന:-
1. കേന്ദ്ര സർക്കാരിന്റെ 02/11/2022 ലെ F.NO.24/13/2022-CD-I (e 101580) no. കത്ത്.
2. 18/11/2022 ലെ WCD-B1/479/2022-WCD നമ്പർ സർക്കാർ കത്ത്.

സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. പട്ടിക വർഗ്ഗ വിഭാഗം കുട്ടികൾക്ക് പോഷകാഹാരം നൽകുന്നതിനു പൊതുജനങ്ങളിൽ നിന്നും പ്രതിമാസം 800 രൂപ നൽകണമെന്ന് ഇലക്ട്രോണിക് -സാമൂഹ്യ മാധ്യമങ്ങളിലൂടെ "Save the Children" എന്ന പേരിലുള്ള ഒരു സർക്കാരിതര സ്ഥാപനം സ്ഥിരമായി പരസ്യം നൽകുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. കുട്ടികളിൽ തുടക്കത്തിൽ തന്നെ പോഷണക്കുറവു കണ്ടെത്തുകയും ന്യൂനപോഷണം പരിഹരിക്കുന്നതിന് ആവശ്യമായ പോഷകങ്ങൾ ഉൾപ്പെടുത്തി കുട്ടികൾക്ക് വിതരണം ചെയ്തു അവരുടെ ആരോഗ്യവും രോഗപ്രതിരോധ ശേഷിയും വർധിപ്പിക്കുന്ന ഏറ്റവും ശ്രദ്ധേയമായ ഒരു പദ്ധതിയാണ് സക്ഷം അങ്കണവാടി/പോഷൻ 2.0. ഈ പദ്ധതിക്ക് കീഴിൽ വരുന്ന Supplimentary Nutrition Programme (SNP) ലൂടെ കുട്ടികൾ, കൗമാര പ്രായക്കാർ ,സ്ത്രീകൾ എന്നീ വിഭാഗങ്ങളിലെ പോഷണക്കുറവ് പരിഹരിച്ചു വരുന്നു.

സർക്കാർ നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ പേരിൽ പൊതുജനങ്ങളിൽ നിന്നും സർക്കാരിതര സ്ഥാപനം പണം പിരിക്കുന്നത് കേന്ദ്ര സർക്കാർ വളരെ ഗൗരവത്തോടെയാണ് കാണുന്നത്. തെറ്റായ പരസ്യങ്ങൾ നൽകി ജനങ്ങളെ വഞ്ചിക്കുന്ന അത്തരം സർക്കാരിതര സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കണമെന്നും കേന്ദ്ര സർക്കാർ നിർദേശിച്ചിട്ടുണ്ട്.

കുട്ടികളുടെയും സ്ത്രീകളുടെയും പോഷണക്കുറവു പരിഹരിക്കാനുള്ള പദ്ധതി സക്ഷം

/69766/2022

അങ്കണവാടി പോഷൻ 2.0 പദ്ധതിയിലൂടെയാണ് നടപ്പിലാക്കുന്നത് എന്നതിനാൽ NGO മാരുടെ തെറ്റായ പ്രചരണത്തിനു ശക്തമായ നടപടി സ്വീകരിക്കുവാനും NGO മാരുടെ ഇത്തരം പ്രവർത്തനങ്ങളെ കുറിച്ച് കീഴ്കാര്യാലയങ്ങളെ അറിയിക്കുന്നതിലൂടെ NGOമാരുടെ തെറ്റായ പ്രചാരണത്തിനെതിരെ ഗുണഭോക്താക്കളെ ജാഗ്രതയുള്ളവരാക്കണമെന്നും സർക്കാർ നിർദേശിച്ചിട്ടുണ്ട്.

കുട്ടികളുടെയും സ്ത്രീകളുടെയും പോഷണ കുറവ് പരിഹരിക്കുന്നതിനുള്ള പദ്ധതികൾ സക്ഷം അങ്കണവാടി പോഷൻ 2.0 പദ്ധതിയുടെ ഭാഗമാണെന്നുള്ള വസ്തുത മറച്ചു വച്ച് തെറ്റായ പ്രചാരണങ്ങൾ നടത്തി പൊതു ജനങ്ങളിൽ നിന്നും പണം കൈപ്പറ്റുന്ന സർക്കാരിതര സംഘടനകളുടെ തെറ്റായ നടപടി സംബന്ധിച്ച് കീഴ്കാര്യലയങ്ങൾക്ക് അറിയിപ്പ് നൽകാനും അത്തരം തെറ്റായ പ്രവർത്തനങ്ങളിൽ പെട്ട് ഗുണഭോക്താക്കൾ വഞ്ചിതരാകാതിരിക്കുന്നതിനുള്ള ജാഗ്രത പുലർത്തുന്നതിനും NGO യുടെ ഭാഗത്ത് നിന്നും അത്തരം സംഭവങ്ങൾ ഉണ്ടായാൽ ആ വിവരം അടിയന്തിരമായി ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യുവാനും നിർദേശിക്കുന്നു.

വിശ്വസ്തതയോടെ,

വനിത ശിശു വികസന ഡയറക്ടർ

പകർപ്പ്:- എല്ലാ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്കും

Signed by Priyanka G
Date: 02-12-2022 19:05:42